# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6509 11-7-2012-ലെ മറുപടിക്ക്.

### മലപ്പുറം ജില്ലയിൽ തീരദേശ പോലീസ് സ്റ്റേഷൻ

ചോദ്യം :

ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി

ഉത്തരം :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | പുതുതായി തീരദേശ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) | ഉണ്ട്, തീരദേശ സുരക്ഷാ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതുതായി 10 തീരദേശ പോലീസ് സ്റ്റേഷനുകൾ കേരളത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. അവയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തൽ/സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ പുരോഗമിച്ചു വരുന്നു. കൂടാതെ മൂന്നാം ഘട്ടത്തിൽ 6 പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടി കേരളത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏറെ തീരപ്രദേശമുള്ള മലപ്പുറം ജില്ലയിൽ പുതിയ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ? | ബി) | പരിഗണനയിലാണ്. രണ്ടാം ഘട്ടത്തിൽ അനുവദിച്ച 10 തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഒന്ന് മലപ്പുറം ജില്ലയിലെ പൊന്നാനിയിലാണ്. കൂടാതെ മൂന്നാം ഘട്ടത്തിൽ ആവശ്യപ്പെട്ട 6 തീരദേശ പോലിസ് സ്റ്റേഷനുകളിൽ ഒരെണ്ണം മലപ്പുറം ജില്ലയിലെ താനൂരി ലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |



സെക്ഷൻ ഓഫീസർ